ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). വനിതകൾക്കെതിരായ അതിക്രമങ്ങൾ മാപ്പർഹിക്കാത്ത കുറ്റകൃത്യമാണെന്നും കുറ്റവാളികളെ വെറുതെ വിടില്ലെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.

Prime Minister Narendra Modi says, atrocities against women are an unpardonable sin and guilty must not be spared.

2). ഉഭയകക്ഷി വ്യാപാര-സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള രണ്ടാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല സമ്മേളനം ഇന്ന്.

The 2nd India-Singapore Ministerial Roundtable aimed at further strengthening trade and economic ties between the two countries, will be held in Singapore today.

3). ശ്രീകൃഷ്ണ ജയന്തി ആഘോഷത്തിന് നാടൊരുങ്ങി. കേരളത്തിലെ ആഘോഷ പരിപാടികളിൽ കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യനും സുരേഷ് ഗോപിയും പങ്കെടുക്കും.

Sri Krishna Jayanti celebrations today. Union Ministers of State George Kurien and Suresh Gopi will participate in the celebrations in Kerala.

4). സിനിമ മേഖലയിലെ വനിതകളുടെ പരാതികൾ അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ച് കേരള സർക്കാർ.

The Kerala government has appointed a special team to investigate the complaints of women in the film industry.

5). യു.എസ് ഓപ്പൺ ടെന്നീസിന് ഇന്ന് തുടക്കം.

The US Open tennis tournament begins today.

******************************************************************

## PM - WOMEN

വനിതകൾക്കെതിരായ അതിക്രമങ്ങൾ മാപ്പർഹിക്കാത്ത കുറ്റകൃത്യമാണെന്നും കുറ്റവാളികളെ വെറുതെ വിടില്ലെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്നലെ മഹാരാഷ്ട്രയിലെ ജൽഗാവിൽ ചേർന്ന ലക്ഷാധിപതി ദീദി സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വനിതാ ഡോക്ടറെ ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ സംഭവത്തിൻറെയും പ്രതിഷേധങ്ങളുടെയും പശ്ചാത്തലത്തിൽ കൂടിയാണ് പ്രധാനമന്ത്രിയുടെ പ്രസ്താവന. ആശുപത്രികൾ, സ്കൂളുകൾ, ഓഫീസുകൾ തുടങ്ങി എല്ലായിടങ്ങളിലും സ്ത്രീസുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിൻറെയും സമൂഹത്തിൻറെയും ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രസർക്കാർ നടപ്പാക്കുന്ന ലക്ഷാധിപതി ദീദി പദ്ധതിയിലൂടെ ലക്ഷാധിപതികളായ 11 ലക്ഷം പേർക്ക് ലക്ഷാധിപതി ദീദീ സർട്ടിഫിക്കറ്റുകൾ പ്രധാനമന്ത്രി കൈമാറി. രാജ്യത്തെ 30,000 കേന്ദ്രങ്ങളിൽ വീഡിയോ കോൺഫറൻസിലൂടെ ഒന്നര കോടി സ്ത്രീകൾ പരിപാടിയുടെ ഭാഗമായി.

******************************************************************

## R G KAR MEDICAL COLLEGE

കൊൽക്കത്തയിൽ, ആർ ജി കർ മെഡിക്കൽ കോളേജ് സംഭവത്തിലെ മുഖ്യപ്രതി സഞ്ജയ് റോയിയെ നുണപരിശോധനയ്ക്ക് വിധേയനാക്കി. നേരത്തെ, ന്യൂഡൽഹിയിലെ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ മനശാസ്ത്രജ്ഞരുടെ സാന്നിധ്യത്തിൽ

സി ബി ഐ സംഘം സഞ്ജോയിയെ ചോദ്യം ചെയ്തിരുന്നു. ദാരുണ സംഭവത്തിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ ഇന്നലെയും കൽക്കട്ടയിൽ പ്രതിഷേധിച്ചു.

************************************************************

## INNOVATIONS IN JUDICIAL SYSTEM

എല്ലാവർക്കും നീതി ലഭ്യമാക്കുന്നതിനായി നീതിന്യായ വ്യവസ്ഥയിൽ സാങ്കേതികവിദ്യയും പുതിയ കണ്ടുപിടുത്തങ്ങളും പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നീതി നിർവ്വഹണം ലളിതമാക്കുന്നത് കൂട്ടായ ഉത്തരവാദിത്തമാണെന്ന് അദ്ദേഹം പറഞ്ഞു. ജോധ്പൂരിൽ രാജസ്ഥാൻ ഹൈക്കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്തുടനീളമുള്ള 18,000 കോടതികൾ കംപ്യൂട്ടർവൽക്കരിക്കപ്പെട്ട കാര്യം അദ്ദേഹം ചൂണ്ടിക്കാട്ടി. ക്രിമിനൽ നിയമങ്ങളിലെ സമീപകാല പരിഷ്കാരങ്ങൾ അത്യന്താപേക്ഷിതമായിരുന്നുവെന്ന് ശ്രീ മോദി വ്യക്തമാക്കി.

************************************************************

## INDIA SINGAPORE -(INTRO)

2-ാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല സമ്മേളനം ഇന്ന് സിംഗപ്പൂരിൽ നടക്കും. ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര-സാമ്പത്തിക ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ചർച്ചയിൽ ഇന്ത്യയിൽ നിന്നും നിർമല സീതാരാമൻ, പിയൂഷ് ഗോയൽ, എസ് ജയ്ശങ്കർ, അശ്വിനി വൈഷ്ണവ് എന്നീ കേന്ദ്ര മന്ത്രിമാർ പങ്കെടുക്കും.

**വിശദശാംശങ്ങളിലേക്ക്...**

യോഗത്തിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിന്റെ വിവിധ വശങ്ങൾ അവലോകനം ചെയ്യുകയും സഹകരണത്തിൻറെ പുതിയ സാധ്യതകൾ തേടുകയും ചെയ്യും. 2022 സെപ്റ്റംബറിൽ ന്യൂഡൽഹിയിലാണ് ആദ്യ സമ്മേളനം നടന്നത്. ഇന്ത്യയിലേക്കുള്ള വിദേശ നിക്ഷേപത്തിൻറെ പ്രധാന സ്രോതസ്സാണ് സിംഗപ്പൂർ. 2023-24 കാലഘട്ടത്തിൽ ഇന്ത്യൻ വിപണികളിലേക്ക് 11.77 ബില്യൺ ഡോളർ നിക്ഷേപം സിംഗപ്പൂർ നടത്തിയിരുന്നു. ഉഭയകക്ഷി വ്യാപാരത്തിൽ, സിംഗപ്പൂർ ഇന്ത്യയുടെ ആറാമത്തെ വലിയ ആഗോള വ്യാപാര പങ്കാളിയാണ്. സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയ കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ ഇന്നലെ സിംഗപ്പൂരിൽ വ്യവസായ പ്രമുഖരുമായി ഉഭയകക്ഷി വ്യാപാര, നിക്ഷേപ വിഷയങ്ങൾ ചർച്ച ചെയ്തു. വിവിധ മേഖലകളിലെ സഹകരണവും ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള നിക്ഷേപ സാധ്യതകൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച് ചർച്ച നടന്നതായി വാണിജ്യ വ്യവസായ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. സിംഗപ്പൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എജ്യുക്കേഷൻ - ഐടിഇ ആസ്ഥാനവും ഐടിഇ കോളേജും കേന്ദ്രമന്ത്രി സന്ദർശിച്ചു.

ന്യൂസ് ഡെസ്ക്, ആകാശവാണി...

*************************************************************************************

## BRAZIL FM-INDIA VISIT

നാല് ദിവസത്തെ സന്ദർശനത്തിനായി ബ്രസീൽ വിദേശകാര്യ മന്ത്രി മൗറോ വിയേര ന്യൂഡൽഹിയിലെത്തി. ഇന്ത്യ ബ്രസീൽ നയതന്ത്ര പങ്കാളിത്തത്തിനു സന്ദർശനം കൂടുതൽ

ഊർജ്ജം പകരും. ചൊവ്വാഴ്ച നടക്കുന്ന ഒമ്പതാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. ജി 20 തീരുമാനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ കഴിഞ്ഞ വർഷം അധ്യക്ഷ സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യയിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിക്കാനും കൂടിക്കാഴ്ച സഹായകരമാകും. ഈ വർഷം ജി 20 ഉച്ചകോടിയ്ക്ക് അധ്യക്ഷ സ്ഥാനം വഹിക്കുന്നത് ബ്രസീൽ ആണ്.

*************************************************************

**AMIT SHAH**

നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ റീജിയണൽ യൂണിറ്റ് ഓഫീസ് ഛത്തീസ്ഗഢിലെ നവ റായ്പൂരിൽ കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യത്തിൻ്റെ ശതാബ്ദിയോടെ രാജ്യത്തെ ലഹരിമുക്തമാക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദൃഢനിശ്ചയം ഓരോ പൗരന്റെയും ദൃഢനിശ്ചയമാണെന്ന് ആഭ്യന്തരമന്ത്രി പറഞ്ഞു. നിയമവിരുദ്ധമായ മയക്കുമരുന്ന് വ്യാപാരം രാജ്യസുരക്ഷയ്ക്ക് ഭീഷണിയാണെന്ന് പറഞ്ഞ ആഭ്യന്തരമന്ത്രി ഇതിലൂടെ സമ്പാദിക്കുന്ന പണം ഭീകരവാദത്തെയും ഇടതു തീവ്രവാദത്തെയും പ്രോത്സാഹിപ്പിക്കുന്നതായും ചൂണ്ടിക്കാട്ടി.

*************************************************************

**BREAK**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*************************************************************

**SREEKRISHNA JAYANTHI -(INTRO)**

ശ്രീകൃഷ്ണ ജയന്തി ആഘോഷത്തിന് നാടൊരുങ്ങി. ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ പ്രത്യേക അവതാര പൂജകൾ നടക്കും. ബാലഗോകുലത്തിൻറെ നേതൃത്വത്തിൽ വൈകിട്ട് കേരളമെമ്പാടും ശോഭായാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്....**

**(VOICE.......)**

തിരുവനന്തപുരം പാളയം ഗണപതിക്ഷേത്രത്തിൽ നിന്ന് ഇന്ന് വൈകിട്ട് നാലിന് തലസ്ഥാനത്തെ പ്രധാന ശോഭായാത്ര ആരംഭിക്കും. കേന്ദ്രമന്ത്രി ജോർജ് കുര്യൻ ശോഭായാത്ര ഉദ്ഘാടനം ചെയ്യും. കേരള യൂണി.വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ഗോകുലപതാക ഉയർത്തും. കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ വിപുലമായ ശോഭായാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. തൃശൂരിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം നിർവ്വഹിക്കും. അഷ്ടമിരോഹിണി ദിനത്തിൽ ഗുരുവായൂർ ക്ഷേതത്തിൽ എത്തുന്ന മുഴുവൻ ഭക്തർക്കും ദർശനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചതായി ദേവസ്വം ഭരണസമിതി അറിയിച്ചു. ഗുരുവായൂരപ്പൻ്റെ പിറന്നാൾ ദിനത്തിൽ ക്ഷേത്ര ദർശനത്തിനെത്തുന്ന എല്ലാ ഭക്തർക്കും വിശേഷാൽ പ്രസാദ ഊട്ട് ആണ് പ്രത്യേകത. പ്രസിദ്ധമായ അഷ്ടമിരോഹിണി വള്ളസദ്യ ഇന്ന് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ രാവിലെ 11-ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്ക്, ആകാശവാണി.....

***************************************************************************************

## GREETINGS – SREEKRISHNA JAYANTHI

രാജ്യത്തെ എല്ലാ പൗരന്മാർക്കും പ്രവാസി ഭാരതീയർക്കും രാഷ്ട്രപതി ദ്രൗപദി മുർമു ജന്മാഷ്ടമി ആശംസകൾ നേർന്നു. ഭഗവത്ഗീത മനുഷ്യരാശിക്കാകെ പ്രകാശം പകരാൻ പ്രാപ്തമാണെന്ന് രാഷ്ട്രപതി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിലൂടെ ജന്മാഷ്ടമി, ഗണേശ ചതുർത്ഥി, ഓണം ആശംസകൾ നേർന്നു.

*****************************************************************

## HEMA COMMITTE

ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിനിമ മേഖലയിലെ വനിതകളുടെ പരാതികൾ അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ച് കേരള സർക്കാർ. ക്രൈം എഡിജിപി മേൽനോട്ടം വഹിക്കുന്ന സംഘത്തിൽ നാല് വനിതാ അംഗങ്ങൾ ഉൾപ്പെടെ 7 അംഗങ്ങളുണ്ടാകും. മുഖ്യമന്ത്രി പിണറായി വിജയനാണ് ഇക്കാര്യം അറിയിച്ചത്. വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തു. പരാതികളും വെളിപ്പെടുത്തലുകളും സംബന്ധിച്ച് അന്വേഷിക്കാൻ പൊലീസ് ഐജി സ്പർജൻ കുമാറിന്റെ നേതൃത്വത്തിൽ ഉയർന്ന വനിതാ പോലീസ് ഓഫീസർമാർ ഉൾപ്പെടുന്ന ഒരു പ്രത്യേക അന്വേഷണസംഘം രൂപീകരിക്കാൻ തീരുമാനിച്ചു.

*****************************************************************

## KAZHAKUTTOM CHILD

തിരുവനന്തപുരത്ത് നിന്ന് കാണാതായ അസം സ്വദേശിയായ 13 കാരിയുമായി കേരള പൊലീസ് സംഘം തിരികെയെത്തി. രാത്രി 10.30 ഓടെയാണ് സംഘം തിരുവനന്തപുരത്ത് എത്തിയത്. കുട്ടിയെ C.W.C ഏറ്റെടുത്ത് ശിശുക്ഷേമ സമിതിയുടെ സുരക്ഷാ

കേന്ദ്രത്തിലേക്ക് മാറ്റി. ഇന്ന് C.W.C യുടെ പ്രത്യേക സിറ്റിങ്ങിൽ കുട്ടിയെ ഹാജരാക്കും.

************************************************************

**RAIN KERALA**

കേരളത്തിൽ മൂന്ന് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴ ലഭിക്കും. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർകോടി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

************************************************************

**JAMMU AND KASHMIR ELECTION**

ജമ്മു കശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥിനിർണ്ണയത്തിനായി ബിജെപി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ യോഗം ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് ചേർന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, ബിജെപി അധ്യക്ഷൻ ജെ പി നദ്ദ, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, ജിതേന്ദ്ര സിങ്, മുതിർന്ന നേതാക്കൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

************************************************************

**Maharashtra Cabinet**

മഹാരാഷ്ട്രയിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കായി പുതുക്കിയ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കാൻ മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭ അംഗീകാരം നൽകി. കേന്ദ്രത്തിൻ്റെ ഏകീകൃത പെൻഷൻ പദ്ധതിയുടെ മാതൃകയിൽ മുൻകാല പ്രാബല്യത്തോടെയാണ് പുതുക്കിയ പദ്ധതി നടപ്പിലാക്കുക. മഹാരാഷ്ട്രയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഉൾപ്പെടെ 13.45 ലക്ഷം സംസ്ഥാന സർക്കാർ ജീവനക്കാരുണ്ട്. ഇവരിൽ 8.27 ലക്ഷം പേർ നിലവിൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നവരാണ്.

************************************************************

## KOCHI

മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും ഉപജീവനം മെച്ചപ്പെടുത്തതിനുമാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി എസ് പി സിങ് ബാഗേൽ . പ്രധാനമന്ത്രി മത്സ്യസമ്പദ യോജനയ്ക്ക് കീഴിൽ 1148 കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

*************************************************************

## US OPEN

യു.എസ് ഓപ്പൺ ടെന്നീസിന് ഇന്ന് തുടക്കം. 25-ാാം ഗ്രാൻഡ്-സ് ലാം എന്ന റെക്കോഡ് ലക്ഷ്യമിട്ടിറങ്ങുന്ന നൊവാക് ജോക്കോവിച്ചാണ് പ്രധാന ശ്രദ്ധാകേന്ദ്രം. തുടരെ രണ്ടാം യു.എസ് ഓപ്പൺ ആണ് ജോക്കോവിച്ച് ലക്ഷ്യമിടുന്നത്. യുവതാരങ്ങളായ യാനിക് സിന്നറും, കാർലോസ് അൽക്കരാസും ജോക്കോവിച്ചിന് കടുത്ത വെല്ലുവിളി ഉയർത്തും.

*************************************************************

## SAFF U20 CHAMPIONSHIP

നേപ്പാളിൽ നടക്കുന്ന SAFF U20 ചാമ്പ്യൻഷിപ്പ് പുരുഷ സെമി ഫൈനലിൽ, ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. കാഠ്മണ്ഡുവിലെ എ എൻ എഫ് എ കോംപ്ലക്സിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:45 നാണ് മത്സരം.

*************************************************************

## BANGLADESH-GENERAL ELECTION

ബംഗ്ലാദേശിൽ പൊതുതെരഞ്ഞെടുപ്പ് എപ്പോൾ നടത്തണമെന്നത് രാഷ്ട്രീയ തീരുമാനമാണെന്നും ഇടക്കാല ഭരണകൂടം എത്രകാലം അധികാരത്തിൽ തുടരണമെന്ന് ജനങ്ങൾ തീരുമാനിക്കുമെന്നും സർക്കാരിനെ നയിക്കുന്ന മുഹമ്മദ് യൂനുസ്. ബംഗ്ലാദേശ് ടെലിവിഷനിൽ രാജ്യത്തെ അഭിസംബോധന ചെയ്യവെയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ഭരണം, ജുഡീഷ്യറി, തിരഞ്ഞെടുപ്പ് കമ്മീഷൻ, ക്രമസമാധാനം തുടങ്ങിയ മേഖലകളിൽ ആവശ്യമായ പരിഷ്കാരങ്ങൾക്ക് ശേഷം രാജ്യത്ത് സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. അഴിമതി, കൊള്ള, ആൾക്കൂട്ട കൊലപാതകങ്ങൾ എന്നിവ നേരിടാൻ പ്രാപ്തിയുള്ള രാഷ്ട്രീയ സംവിധാനം അവതരിപ്പിക്കുകയാണ് തിരഞ്ഞെടുപ്പിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

************************************************************************

************************************************************************

************************************************************************